# നന്മ തിൻമകൾ അല്ലാഹുവിൽ നിന്ന് മാത്രം

എല്ലാം സൃഷ്ടിച്ചവൻ, ലോകത്തുണ്ടാകുന്ന എല്ലാ കാര്യങ്ങളും അല്ലാഹു അറിയുന്നു. ചിലപ്പോൾ നമുക്ക് നല്ല ആരോഗ്യവും സുഖവും ഉണ്ടാവാം. ചിലപ്പോൾ നമുക്ക് രോഗങ്ങളും ബുദ്ധിമുട്ടുകളും വരും. ഇതെല്ലാം അല്ലാഹുവിന്റെ വിധി അനുസരിച്ച് തന്നെയാണ്. അതിനാൽ നമുക്ക് നല്ലത് വരുമ്പോൾ നമ്മൾ സന്തോഷിക്കുന്നതോടൊപ്പം അല്ലാഹുവിനെ സ്തുതിക്കണം. ബുദ്ധിമുട്ടുകൾ വരുമ്പോൾ അല്ലാഹുവിന്റെ വിധിയാണെന്ന് കരുതി സമാധാനിക്കുകയും അവനോട് പ്രാർത്ഥിക്കുകയും ചെയ്യണം.

"ഞങ്ങളുടെ രക്ഷിതാവേ, ഇഹലോകത്തും പരലോകത്തും ഞങ്ങൾക്ക് നീ നന്മ നൽകേണമേ. നരക ശിക്ഷയിൽ നിന്ന് ഞങ്ങളെ നീ രക്ഷപ്പെടുത്തേണമേ" എന്ന് നബിﷺ എപ്പോഴും പ്രാർത്ഥിക്കാറുണ്ടായിരുന്നു. നമ്മളും അങ്ങിനെ പ്രാർത്ഥിക്കുക.

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَ قِنَا عَذَابَ النَّارِ

കടപ്പാട്: കേരള നദ്‌വത്തുൽ മുജാഹിദീൻ വിദ്യഭ്യാസ ബോർഡ്